# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം-14

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ:കെ.ബിജു.ഐ.എ.എസ്.)

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും സീനിയർ ഇൻസ്ട്രക്ടർ മാരായി ഉദ്യോഗക്കയറ്റം നൽകിയ 12.09.2012 ലെ എ2/2949/12 പ്രകാരമുള്ള ഉത്തരവിൻ മേലുള്ള അനോമലി ഉത്തരവ് പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1. 29.11.1971 ലെ ജി.ഒ. (പി) 408/71/പി.സി. നമ്പറായ സർക്കാർ വിജ്ഞാപനം.
2. 23.11.1972 ലെ ജി.ഒ. (എം.എസ്) 105/75/തൊഴിൽ നമ്പരായ സർക്കാർ ഉത്തരവ്.
3. 04.03.08 ലെ ജോയിന്റ് ഡയറക്ടറുടെ എ2/16635/06 നമ്പരായി പ്രസിദ്ധപ്പെടുത്തിയ ജൂനിയർ ഇൻസ്ട്രക്ടർ മാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്
4. 12.09.2012 ലെ എ2/2949/2012 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്.
5. സർക്കാർ ഉത്തരവ് നമ്പർ (എം.എസ്സ്) 111/12/തൊഴിൽ തീയതി:25.07.2012.

## ഉത്തരവ് നമ്പർ: എ2/2949/12 തീയതി:04.04.2013

വ്യാവസായിക പരിശീലന വകുപ്പിൽ 1971 ലെ കേരള ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് സർവ്വീസ് റൂൾസ് പ്രകാരവും സൂചന (2) ലെ ഉത്തരവ് പ്രകാരവും പരാമർശം 2 ലെ സർക്കാർ ഉത്തരവ് അനുസരിച്ചും സൂചന (4) ലെ ഉത്തരവ് പ്രകാരം 115 ജൂനിയർ ഇൻസ്ട്രക്ടർമാർക്ക് സീനിയർ ഇൻസ്ട്രക്ടർമാരായി ഉദ്യോഗക്കയറ്റം നൽകിയിരുന്നു. സൂചന (4) ലെ ഉത്തരവിൽ സി.റ്റി.ഐ. ട്രെയിനിംഗിന് നിയോഗിച്ചിട്ട് വിട്ടുനിന്നവർ, സ്വമേധയാ ട്രെയിനിംഗിൽ നിന്നും സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവായവർ, ട്രെയിനിംഗിൽ നിന്നും ഒഴിവാകുന്നതിനുവേണ്ടി ബഹു. സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്ന് ഇടക്കാല ഉത്തരവ് നേടിയവർ, സസ്പെൻഷനിലുള്ളവർ എന്നിവരയും ഉദ്യോഗക്കയറ്റത്തിന് പരിഗണിച്ചിരുന്നില്ല. ഇക്കാരണത്താൽ ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കാതിരുന്ന ഇൻസ്ട്രക്ടർമാർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിന്റെ സംക്ഷിപ്ത വിവരം ചുവടെ വിവരിക്കുന്നു.

ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും ഇടക്കാല ഉത്തരവ് നേടിയ ജൂനിയർ ഇൻസ്ട്രക്ടർമാരായ ശ്രീ.രാജേഷ്.വി (ക്രമ നമ്പർ:811), ശ്രീമതി. പി.ലതിക(ക്രമ നമ്പർ:785), ശ്രീമതി. സോണിയ .ടി (ക്രമ നമ്പർ:791) എന്നിവർ 25.07.2012 ന് മുൻപായി കേസ് പിൻവലിക്കുകയും ആഗസ്റ്റിൽ ആരംഭിച്ച അടുത്ത മൊഡ്യൂളുകളിൽ ട്രെയിനിംഗിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി. ജെസ്സി, ജൂനിയർ ഇൻസ്ട്രക്ടർ (ക്രമ നമ്പർ:825), ശ്രീ.ബി. സുനിൽ ജൂനിയർ ഇൻസ്ട്രക്കടർ(ക്രമ നമ്പർ: 803), എന്നിവരെ മുൻപ് സി.റ്റി.ഐ. ട്രെയിനിംഗിന് നിയോഗിച്ചെങ്കിലും ഇവർ പങ്കെടുക്കുകയുണ്ടായില്ല. വീണ്ടും ശ്രീ. സുനിൽ .ബി. ട്രെയിനിംഗിന് നിയോഗിച്ച അവസരത്തിൽ സി.റ്റി.ഐ.യിൽ ട്രെയിനിംഗിനായി ഹാജരാകുകയും സീറ്റ് ലഭ്യമല്ലാതിരുന്നതിനാൽ സി.റ്റി.ഐ.യിൽ നിന്നും തിരിച്ചയക്കുകയായിരുന്നു. ടിയാൻ 2011 ഓഗസ്റ്റ് മുതൽ മോഡ്യൂലാർ പാറ്റേൺ ട്രെയിനിംഗിൽ പങ്കെടുത്ത് വരുന്നതിനാൽ അർഹമായ തീയതി മുതൽ തന്നെ സീനിയോരിട്ടിക്ക് അർഹതയുണ്ട്. എന്നാൽ ശ്രീമതി. എം.എം. ജസ്സിയെ ഉത്തരവു നമ്പർ എഫ്3/19061/09 തീയതി:24.12.2009 പ്രകാരം സ്ഥാനക്കയറ്റത്തിൽ അവകാശമില്ല എന്ന് ഉത്തരവായിട്ടുണ്ടങ്കിലും ടിയാൾ 10.08.12 മുതൽ ട്രെയിനിംഗിൽ തുടരുന്നതായിക്കാണുന്നു. ആയതിനാൽ ടിയാൾക്ക് ടി മോഡ്യൂൾ പാസാകുന്നപക്ഷം 31.10.12 മുതൽ സീനിയോരിറ്റിക്ക് അർഹതയുണ്ട്.

ശ്രീമതി. ശ്യാമള കെ.കെ. ജൂനിയർ ഇൻസ്ട്രക്ടർ പി.എസ്.സി മുഖാന്തിരം 02/02/1985 ലാണ് സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) ഇൻസ്ട്രക്ടറായി സേവനത്തിൽ പ്രവേശിക്കുന്നത്. ടിയാൾ പ്രൊബേഷൻ പൂർത്തിയാക്കുന്നത് 12.08.1989 ലാണ് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുൻപ് 01.07.1985 മുതൽ 01.11.1987 വരെ ശൂന്യവേതനാവധിയിലായിരുന്നു. പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് ശൂന്യവേതനാവധിയിൽ പ്രവേശിച്ചവർക്ക് തിരികെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ സീനിയോറിറ്റി ലഭിക്കുകയുള്ളൂ. ആയതുകൊണ്ട് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ടിയാളുടെ സീനിയോറിറ്റി 02/11/1987 മുതൽ മാത്രമാണ്. കൂടാതെ സേവനകാലത്തിനിടക്ക് ടിയാൾ പല കാലയളവിൽ വിദേശത്ത് പോകുന്നതിനായി ശൂന്യവേതനാവധി എടുത്തിട്ടുണ്ട്. ശൂന്യവേതനാവധി കഴിഞ്ഞ് ടിയാൾ 10.09.2009-ൽ മാത്രമാണ് തിരികെ ജോലിയിൽ പ്രവേശിക്കുന്നത്. ടിയാളെ ഇതുവരെ സി.റ്റി.ഐ. ട്രെയിനിംഗിന് നിയോഗിച്ചിട്ടില്ല. 10.09.2009-ൽ ജോലിയിൽ തിരികെ പ്രവേശിച്ച ടിയാൾക്ക് പ്രസ്തുത തീയതിക്കു ശേഷം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടായ ഒഴിവിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹത ഉണ്ട്. 10.09.2009-ന് ശേഷം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ 30.09.2009-ൽ മാത്രമാണ് ഒഴിവുണ്ടായിട്ടുള്ളത്.

ശ്രീ. സുരേഷ് .എസ്സ് ജൂനിയർ ഇൻസ്ട്രക്ടർ (ക്രമ നമ്പർ 713) 28.08.2008 മുതൽ 26.07.2009 വരെ ശൂന്യവേതനാവധിയിലായിരുന്നു. തിരികെ ജോലിയിൽ പ്രവേശിച്ചത് 27.07.2009 ലാണ്. ടിയാൻ പി.ഒ.ടി. പാസ്സായിട്ടുണ്ട്. 14.01.2009-ൽ നടത്തിയ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റലിസ്റ്റിൽ ടിയാൻ ശൂന്യവേതനാവധിയിലായിരുന്നതിനാൽ ഉൾപ്പെടുകയുണ്ടായില്ല. എന്നാൽ ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ച 27.07.2009-ന് ശേഷമുണ്ടായ ഒഴിവിൽ ടിയാന് ഉദ്യോഗക്കയറ്റം നലകാവുന്നതാണ്. 26.07.2009-ന് ശേഷം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഒഴിവുണ്ടായത് 30.09.2009 ലാണ്.

മേൽ പേരെഴുതിയിരിക്കുന്ന 09 പേരുടെയും അപേക്ഷ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകാൻ തീരുമാനിക്കുന്നു.

ജൂനിയർ ഇൻസ്ട്രക്ടർമാരായ ശ്രീ. സുദർശൻ .എ (ക്രമ നമ്പർ:918), ശ്രീ. ജോർജ് എം.റ്റി.(ക്രമ നമ്പർ:922) എന്നിവർ ഇവർക്ക് സീനിയർ ഇൻസ്ട്രക്ടർമാരായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടില്ല എന്ന് പരാതിപ്പെട്ടിട്ടുണ്ട്. ജനറൽ കാറ്റഗറിയിൽ ക്രമ നമ്പർ:910 വരെയും ഡിപ്ലോമ ക്വാട്ടയിൽ ക്രമ നമ്പർ:920 വരെയുളളവർക്കും മേൽ സൂചന 4ലെ ഉത്തരവ് പ്രകാരം സീനിയർ ഇൻസ്ട്രക്ടർമാരായി ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ജൂനിയർ ഇൻസ്ട്രക്ടർമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ നിന്നും ഡിപ്ലോമ യോഗ്യതയുള്ള അവസാനത്തെ ആൾക്കും ഉദ്യോഗക്കയറ്റം നൽകിയിരുന്നു. തുടർന്ന് 3:1 റേഷ്യോ പ്രകാരം ഡിപ്ലോമ ക്വോട്ടയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിന് ലിസ്റ്റിൽ ഡിപ്ലോമ യോഗ്യതയുളളവർ ഇല്ല. ഇനി ഡിപ്ലോമ ക്വാട്ടയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിന് നിലവിലുള്ള ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം നടത്തുന്നതായിരിക്കും.

12.09.2012–ലെ ഉദ്യോഗക്കയറ്റ ലിസ്റ്റിൽ ഉദ്യോഗക്കയറ്റം നൽകിയ ജൂനിയർ ഇൻസ്ട്രക്ടർമാരായ ശ്രീ. ഗോപകുമാർ .വി.പി., ശ്രീമതി. സെവലീന പി.ഇ., ശ്രീമതി. ട്രീസ്സാമ്മാ തോമസ് എന്നിവരെ സി.റ്റി.ഐ. ട്രെയിനിംഗിന് നിയോഗിച്ചുവെങ്കിലും ബഹു. ഹൈകോടതിയിൽ നിന്നും ഇടക്കാല ഉത്തരവ് നേടി ട്രെയിനിംഗിൽ നിന്നും പങ്കെടുക്കുകയുണ്ടായില്ല. ആയതിൻ പ്രകാരം ട്രെയിനിംഗിന് ഡയറക്ടർ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച എഫ്3/19061/09 തീയതി 24/12/2009 പ്രകാരമുള്ള ഉത്തരവിൻ മേൽ വിവരിച്ചവരെ, ട്രെയിനിംഗ് പാസ്സാകുന്ന മുറക്കുമാത്രം ഉദ്യോഗക്കയറ്റം നൽകിയാൽ മതിയെന്ന നിബന്ധനയിൽ നിലവിലുള്ള തസ്തികയിലും സ്ഥാപനത്തിലും തുടരുവാൻ ഉത്തരവായി. ആയതിനാൽ ശ്രീ.ഗോപകുമാർ വി.പി., ശ്രീമതി. സെവലീന.ഇ, ശ്രീമതി. ട്രീസ്സാമ്മാ തോമസ് എന്നിവരുടെ സീനിയർ ഇൻസ്ട്രക്ടറായുള്ള ഉദ്യോഗക്കയറ്റ തീയതിയും പുനക്രമീകരിക്കേണ്ടതുണ്ട്.

സൂചന (4) ലെ ഉദ്യോഗക്കയറ്റ ലിസ്റ്റിൽ, ഉൾപ്പെട്ടിരുന്ന ശ്രീ.ടി.എം.അലവിക്കുട്ടി (ക്രമ നമ്പർ:280) ഐ.ടി.ഐ. നിലമ്പൂർ 2008 മുതൽ ശൂന്യവേതനാവധിയിലാണ്. ടിയാൻ ജോലി ചെയ്തിരുന്ന ഐ.ടി.ഐ.യിൽ നിന്നും ഇൻസ്ട്രക്ടർമാരുടെ വിവരങ്ങൾ അയച്ചുതന്നതിൽ ടിയാൻ റോളിലുള്ളതായിട്ടാണ് അറിയിച്ചിരുന്നത്. അതുകൊണ്ടാണ് ടിയാന്റെ പേര് ഉദ്യോഗക്കയറ്റ ലിസ്റ്റിൽ ഉൾപ്പെട്ടത്. ടിയാന് നിലവിൽ ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയില്ലാത്തതിനാൽ ടിയാന്റെ ഉദ്യോഗക്കയറ്റം റദ്ദ് ചെയ്യേണ്ടതുണ്ട്. സൂചന (4) ലെ ഉത്തരവ് പ്രകാരം ശ്രീ. പി.സുരേഷ് മോഹനെ ക്രമ നമ്പർ:106 നമ്പരായി (ഗ്രഡേഷൻ ലിസ്റ്റിൽ 903) സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടായിരുന്നു. സി.റ്റി.ഐ. ട്രെയിനിംഗിൽ നിന്നും വിട്ടുനിൽക്കുന്നതു മൂലമുണ്ടാകുന്ന സർവ്വീസ് ആനുകൂല്യ നഷ്ടങ്ങൾക്ക് ഉത്തരവാദി ആണെന്ന് സമ്മത പത്രം നൽകിയിട്ടുള്ളതിനാൽ ഇനി സി.റ്റി.ഐ. ട്രെയിനിംഗിന് നിയോഗിപ്പെടുകയോ വിജയിക്കുകയോ ചെയ്യപ്പെടുമ്പോൾ മാത്രമേ ടിയാന് ഉദ്യോഗക്കയറ്റത്തിന് അർഹതയുള്ളു. ആയതിനാൽ ടിയാന്റെ ഉദ്യോഗക്കയറ്റം റദ്ദ് ചെയ്യേണ്ടതാണ്. 12.09.12 ലെ ഉദ്യോഗക്കയറ്റലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ.കെ.കെ.വിനോദ്കുമാർ (ക്രമ നമ്പർ:792)യെ സി.റ്റി.ഐ. ട്രെയിനിംഗിന് നിയോഗിച്ചെങ്കിലും ടിയാൻ ട്രെയിനിംഗിൽ പങ്കെടുത്തില്ല. ട്രെയിനിംഗ് ഡയറക്ടറുടെ എഫ്3/19061/09 തീയതി 24/12/2009 പ്രകാരമുള്ള ഉത്തരവ് പ്രകാരം ടിയാൾക്ക് ട്രെയിനിംഗ് പാസ്സാകുന്ന മുറയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയാൽ മതിയെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തുടർന്ന് ടിയാൻ ട്രെയിനിംഗിൽ പങ്കെടുക്കാത്തതിനാൽ ടിയാന്റെ ഉദ്യോഗക്കയറ്റം റദ്ദ് ചെയ്യേണ്ടതുണ്ട്.

മേൽ വിവിരിച്ച സാഹചര്യത്തിൽ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന താൽക്കാലികമായി നൽകുന്ന സ്ഥാനക്കയറ്റങ്ങൾ ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) സൂചന (4) പ്രകാരമുള്ള ഉത്തരവിൽ ക്രമ നമ്പർ 30 ശ്രീ.ടി.എം. അലവിക്കുട്ടി (ജൂനിയർ ഇൻസ്ട്രക്ടർ ക്രമ നമ്പർ:788) ക്രമ നമ്പർ 32 ശ്രീ. വിനോദ് കുമാർ (ജൂനിയർ ഇൻസ്ട്രക്ടർ ക്രമ നമ്പർ 792) എന്നിവർക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ 23.02.2010 മുതൽ പ്രാബല്യത്തിൽ നൽകിയിരുന്ന ഉദേയാഗക്കയറ്റം ഈ ഉത്തരവിനാൽ റദ്ദ് ചെയ്യുന്നു. 23.02.2010 മുതൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഇവർ വാങ്ങിയ ശമ്പളവും അലവൻസുകളും തിരികെ പിടിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അടിയന്തിരമായി നടപടി സ്വികരിക്കേണ്ടതും തുക തിരിച്ചുപിടിച്ച വിവരം കാലതാമസം കൂടാതെ ഡയറക്ട്രേറ്റിൽ റിപ്പോർട്ട് ചെയ്യേണടതുമാണ്.

(2) സൂചന (4) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ ശ്രീ.പി.സുരേഷ് മോഹന് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിരുന്നു. സി.റ്റി.ഐ. ട്രെയിനിംഗിൽ നിന്നും വിട്ടുനിൽക്കുന്നതുമൂലമുണ്ടാകുന്ന സർവ്വീസ് ആനുകൂല്യങ്ങൾക്ക് ഉത്തരവാദി താനാണെന്ന സമ്മത പത്രം നൽകിയിട്ടുള്ളതിനാൽ ഇനി സി.റ്റി.ഐ. ട്രെയിനിംഗിന് നിയോഗിക്കപ്പെടുകയും വിജയിക്കുകയോ ചെയ്യപ്പെടുമ്പോൾ മാത്രമേ ടിയാന് ഉദ്യോഗക്കയറ്റത്തിന് അർഹത ഉള്ളൂ എന്നതിനാൽ ടിയാന്റെ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം റദ്ദ് ചെയ്യുന്നു.

(3) 12.09.2012 ലെ ജോയിന്റ് ഡയറക്ടറുടെ എ2/2949/12 നമ്പരായ ഉത്തരവിൽ ഉദ്യോഗക്കയറ്റം നൽകാതിരുന്ന താഴെ പറയുന്ന ജൂനിയർ ഇൻസ്ട്രക്ടർമാരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന പ്രാബല്യത്തീയതിയിൽ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 14620-25280 ശമ്പള സ്കെയിൽ സീനിയർ ഇൻസ്ട്രക്ടർമാരായി ഉദ്യോഗക്കയറ്റം നൽകി ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തന്നെ നിയമിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | ഇൻസ്ട്രക്ടറുടെ പേര് സ്ഥാപനം | ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ | ഉദ്യോഗക്കയറ്റത്തിന്റെ പ്രാബല്യ തീയതി |
|---|---|---|---|
| 1. | ശ്യാമള കെ.കെ. | -- | 30.09.2009 |
| 2. | സുരേഷ് .എസ് | 713 | 30.09.2009 |
| 3. | ശ്രീമതി.ടി.എൻ.സോണിയ | 760 | 14.11.2009 |
| 4. | ശ്രീമതി.കെ.റ്റി.വിജയശ്രീ | 780 | 23.02.2010 |
| 5. | ശ്രീമതി.ശ്രീജ. എസ്.എൻ | 791 | 23.02.2010 |
| 6. | ശ്രീ.സുനിൽ .ബി. | 803 | 13.03.2010 |
| 7. | ശ്രീ. രാജേഷ് വി സ്കറിയ | 811 | 13.03.2010 |
| 8. | ശ്രീമതി. ലതിക. വി.<br>ഐ.ടി.ഐ. (വ) ചാലക്കുടി | 785 | 23.02.2010 |

സൂചന (4) ലെ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം നൽകിയ ശ്രീ.വി.പി.ഗോപകുമാർ, ശ്രീമതി. സെവലീന.പി.ഇ, ശ്രീമതി. ട്രീസ്സാമ്മാ തോമസ് എന്നിവരെ സി.റ്റി.ഐ. ട്രെയിനിംഗിന് നിയോഗിച്ചു വെങ്കിലും മേൽ വിവരിച്ചവർ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും ഇടക്കാല ഉത്തരവ് നേടി സി.റ്റി.ഐ. ട്രെയിനിംഗിൽ പങ്കെടുക്കുകയുണ്ടായില്ല. പ്രസ്തുത കോടതി ഉത്തരവിന്റെ അടി സ്ഥാനത്തിൽ പുറപ്പെടുവിച്ച ട്രെയിനിംഗ് ഡയറക്ടറുടെ എഫ്3/19061 തീയ തി:24.12.2009 ലെ ഉത്തരവ് സി.റ്റി.ഐ. ട്രെയിനിംഗ് വിജയകരമായി പൂർത്തീകരി ക്കുന്ന മുറക്ക് മാത്രമേ മേൽ വിവരിച്ചവർക്ക് ഉദ്യോഗക്കയറ്റം നൽകിയാൽ മതി യെന്ന് ഉത്തരവ് പുറപ്പെടുവിച്ചു. ആയതിൻ പ്രകാരം മേൽ വിവരിച്ച ജൂനിയർ ഇൻസ്ട്രക്ടർമാരുടെ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള ഉദ്യോഗക്ക യറ്റ തീയതി ചുവടെ വിവരിക്കും വിധം പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഇൻസ്ട്രക്ടറുടെ പേര് | സീനിയർ ഇൻസ്ട്രക്ടർ തസ്തി കയിലേക്കുള്ള ഉദ്യോഗക്കയറ്റ തീയതി |
|---|---|---|
| 1. | വി.പി. ഗോപകുമാർ | 01.08.2010 |
| 2. | സെവലീന പി.ഇ. | 30.07.2012 |
| 3. | ട്രീസ്സാമ്മാ തോമസ്സ് | 30.07.2012 |
| 4. | ജസ്സി.എം.എം. | 31.10.2012 |

ഉദ്യോഗക്കയറ്റം ലഭിച്ച ഇൻസ്ട്രക്ടർമാരിൽ സി.റ്റി.ഐ. ട്രെയിനിംഗ് പൂർത്തിയാക്കാത്തവർ, കേരള ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ-6ൽ പറഞ്ഞിരിക്കുന്ന സി.റ്റി.ഐ. ട്രെയിനിംഗ് (ക്രാഫ്റ്റ്മാൻ ) ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിക്കേണ്ട തുണ്ട്. ഇത് സംബന്ധിച്ച റൂൾ-6 ലെ വ്യവസ്ഥ താഴെ പറയുന്ന പ്രകാരമാണ്;

"Training – Only those who have successfully completed training in the Central Training Institute shall be eligible for promotion. However the eligibility of those who have not been deputed for training by the Government for no fault of theirs will not be affected, if they are otherwise qualified for promotion but such person shall undergo training after promotion."

ഈ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥ ഇൻസ്ട്രക്ടർ മാർക്ക് സൂചന (5) പറഞ്ഞിട്ടുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൂടി ബാധകമായിരിക്കുന്നതാണ്. ഇതു പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ ട്രെയിനിംഗ് പൂർണ്ണമായും വിജയകരമായി പൂർത്തിയാക്കുന്ന താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ള ഉദ്യോഗസ്ഥരെ പ്രവേശന തസ്തികയിലേക്ക് തരംതാഴ്ത്തുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ഇൻസ്ട്രക്ടർമാർ സർക്കാർ ഉത്തരവ് നമ്പർ 85/2011/ഫിൻ തീയതി:26.02.2011 പ്രകാരം യഥാസമയം ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്. 14620-25280 രൂപാ ശമ്പള സ്കെയിലിൽ സമയബന്ധിത

ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ള ഇൻസ്ട്രക്ടർമാർക്ക് കെ.എസ്.എസ്.ആർ റൂൾ 28(എ) പ്രകാരമുള്ള ശമ്പള ഫിക്സേഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്/-
ഡയറക്ടർ ഓഫ് ട്രെയിനിംഗ്

പകർപ്പ്:-

1. പ്രിൻസിപ്പൽ ഐ.ടി.ഐ./എ.വി.ടി.എസ്/ബി.ടി.സി.
2. ട്രെയിനിംഗ് ഓഫീസർ, ആർ.ഐ.സെന്റർ.
3. ഡി.റ്റി./എ.ഡി.റ്റി/ജെ.ഡി.റ്റി. സിഎമാർ.
4. എ.ഡി.ഒ./ഡി.എസ്.എ./ഡി.ഡി.(പ്ലാനിംഗ്)/ടി.ടി.ഒ./ടി.എ.
5. സ്പെഷ്യൽ ഓഫീസർ, സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കഴക്കൂട്ടം.
6. ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡയറക്ടറേറ്റ്, കണ്ണൂർ.
7. എ2 സെക്ഷൻ (എസ്.എഫ്).
8. www.detkerala.gov.in.

//അംഗീകാരത്തോടെ//

ജോയിന്റ് ഡയറക്ടർ